2. ദിലീപ് നികത്തിൽ പറയകാട് എന്നയാൾക്ക് 949 നമ്പർ പ്രകാരം നൽകിയ പെർമിറ്റ് റദ്ദുചെയ്യുകയും ആയത് പിന്നീട് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

3. മല്ലിക വാരിശ്ശേരിൽ എന്നിവർക്ക് 1016 നമ്പർ പ്രകാരം മേൽക്കൂര മാറ്റത്തിനുമാത്രമായി പെർമിറ്റ് നൽകുകയും പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പെർമിറ്റ് പിൻവലിക്കുകയും ചെയ്തിട്ടുള്ളതാണ്.

4. ജോസഫ് കളത്തിപറമ്പിൽ എന്നയാൾക്ക് വാസ്യഹേതര കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും കരം തീർത്ത രസീതിൽ വെറ്റ് ലാന്റ് എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പെർമിറ്റ് റദ്ദുചെയ്യുകയും ചെയ്തു.

(ഡി) ടി സർവ്വേ നമ്പറിൽപ്പെട്ട സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല

ചിറ്റമല ബ്ലോക്കിന് സോണൽ ഓഫീസ്

346 (1790) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന തൃക്കടവൂർ, തൃക്കരുവ, പനയം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം അഞ്ചാലുംമൂട്ടിൽ ഒരു സോണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്ന് മുതൽ പ്രസ്തുത സോണൽ ഓഫീസ് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ അതിനുള്ള സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല

തൃശ്ശൂർ ജില്ലയിലെ തിപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തികളുടെ നടപടി

347 (1791) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയ തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ-കടങ്ങോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തിപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ കഴിവതും വേഗത്തിൽ പൂർത്തിയാക്കി റോഡ് പുനരുദ്ധാരണം നടത്തുന്നതിന് എൽ.എസ്.ജി.ഡി. തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ-കടങ്ങോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തിപ്പലശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം അനുവദിക്കാൻ നടപടി

348 (1792) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കുന്നതിന് പര്യാപ്തമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതിനാൽ, പഞ്ചായത്ത് വക സ്ഥലം കൈമാറാൻ സർക്കാർ അംഗീകാരം നൽകുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ 47581/ആർ.സി.4/2014/തസ്വഭവ തീയതി 23-7-2014 മേലെഴുത്ത് പ്രകാരം ഐ.ടി.ഐ.-ക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തി കളിസ്ഥലമായി ഉപയോഗിക്കാൻ വേണ്ടി വാങ്ങിയ ഭൂമി ആയതിനാൽ കളിസ്ഥലത്തിന് പകരം സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ചും പതിനൊന്നിന പരിപാടി പ്രകാരം പഞ്ചായത്ത് ആർജ്ജിച്ച ഭൂമി കൈയൊഴിയാൻ പറ്റുമോ എന്നുമുള്ള വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly